DESPATCHED On...31/3/2022

23/3/22



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 2045(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.17423/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 23**

ശ്രീ. പി. ദിലീഷ്,
ഫ്ളാറ്റ് നമ്പർ 5 സി,
എസ്.എഫ്.എസ്.മെലഡി അപ്പാർട്ട്മെന്റ്,
ഡി.പി.ഐ ജംഗ്ഷൻ, എ.ഐ.ആർ റോഡ്,
ജഗതി, തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം-695 014.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,
   മസ്ക്കറ്റ് സ്ക്വയർ, വികാസ് ഭവൻ,
   തിരുവനന്തപുരം. 695 033.
2. അപ്പീൽ അധികാരി,
   കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,
   മസ്ക്കറ്റ് സ്ക്വയർ, വികാസ് ഭവൻ,
   തിരുവനന്തപുരം. 695 033.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 27.8.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.9.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 3.11.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 3.12.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.12.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 28.12.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 6.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 2.2.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 22.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. പി. ദിലീഷ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട വിജിലൻസ് എൻക്വയറി റിപ്പോർട്ട്/വിവരങ്ങൾ വിവരാവകാശ നിയമം 8(1)(എച്ച്)-ന്റെ പരിധിയിൽ വരുന്നതാകയാൽ ആയത് നൽകാൻ സാധിക്കുകയില്ലെന്ന് പറഞ്ഞ് നിരസിക്കുകയാണ് ഉണ്ടായതെന്നും

ആകയാൽ കമ്മീഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി നൽകണമെന്നും ആവശ്യപ്പെട്ട വിവരം നിഷേധിച്ച എതിർകക്ഷികൾക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 27.8.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

1) കെ.റ്റി.ഡി.സി. വേളിയിലെ ഫ്ളോറ്റിംഗ് റെസ്റ്റോറന്റ് മുങ്ങിയതിനെ കുറിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടും അതിന്റെ മൊഴി പകർപ്പുകളും നൽകണമെന്നും

2) കെ.റ്റി.ഡി.സി റെസ്റ്റോറന്റ് ബിയർ പാർലർ പേയാട് & വേളി ശ്രീ. സുമേഷ് യൂണിറ്റ് മാനേജരും ശ്രീ. അബിചന്ദ്രൻ റീജിയണൽ മാനേജരുമായിരിക്കുമ്പോൾ ലോക്ക്ഡൗൺ പിരീഡിൽ ഉണ്ടായ അഴിമതി വിൽപ്പനയിലും കെ.റ്റി.ഡി.സി. വിജിലൻസ് ഓഫീസർ നടത്തിയ റിപ്പോർട്ടും മൊഴിപകർപ്പുകളും കൂടാതെ എക്സൈസിന്റെ കേസുകൾ സംബന്ധിച്ചുള്ള റിപ്പോർട്ടുകളും അതിന്മേലുള്ള അച്ചടക്കനടപടികളും സംബന്ധിച്ച വിവരങ്ങളും നൽകണമെന്നും മറ്റുമായി 14 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് എതിർകക്ഷികൾ നൽകിയ മറുപടിയിൽ 1 മുതൽ 5 വരെയും 7–ാം ഇനത്തിലും ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം 8(1) (ജി) (എച്ച്) വകുപ്പുകളുടെ പരിധിയിൽ വരുന്നതിനാൽ നൽകാനാവില്ലെന്നും ഡിസിപ്ലിനറി ആക്ഷൻ കഴിഞ്ഞാൽ ആവശ്യപ്പെട്ട വിവരം നൽകാവുന്നതാണെന്നും 6, 9, 13, 14 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് 62/- രൂപയുടെ പോസ്റ്റൽ ഓർഡർ/ഡിമാന്റ് ഡ്രാഫ്റ്റ് അയച്ചു നൽകണമെന്നും 8, 10 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ചോദ്യം വ്യക്തമല്ലെന്നും 11–ാം ഇനത്തിന് മറുപടി നൽകാൻ നിർവ്വാഹമില്ലെന്നും, 12–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം നൽകിയിട്ടുള്ളതായും കാണുന്നു. മേൽപ്പടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 3.11.2021–ന് നൽകിയ അപ്പീൽ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത് 1, 2, 3, 4, 5 & 7 എന്നീ ചോദ്യങ്ങൾക്ക് അച്ചടക്ക നടപടി പൂർത്തീകരിക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ നൽകുവാൻ നിർവ്വാഹമില്ല എന്നും 6, 9, 13, 14 എന്നീ ചോദ്യങ്ങൾക്ക് 29.9.2021, 20.11.2021 എന്നീ തീയതികളിൽ പകർപ്പുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും 8, 10 ചോദ്യങ്ങൾ വ്യക്തമല്ലെന്നും 11, 12 എന്നീ ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട 5 വിജിലൻസ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുകളും ഡിസിപ്ലിനറി അതോറിറ്റിയുടെ പരിഗണനയിലാണെന്നും ആയതിനാൽ വിജിലൻസ് റിപ്പോർട്ടിന്റെ പുറത്ത് ഏതെങ്കിലും രീതിയിലുള്ള ഡിസിപ്ലിനറി ആക്ഷൻ എടുത്തതിനു ശേഷവും അതിനെ തുടർന്നുള്ള ഡൊമസ്റ്റിക് എൻക്വയറി അഥവാ ഏതെങ്കിലും വിധത്തിലുള്ള ഡിസിപ്ലിനറി ആക്ഷനും കഴിഞ്ഞിതിനുശേഷമേ വിജിലൻസ് റിപ്പോർട്ട് പുറത്ത് വിടാൻ കഴിയുകയുള്ളു എന്നും അതുവരെയും വിജിലൻസ് റിപ്പോർട്ടുകൾ എല്ലാം വിവരാവകാശ നിയമം സെക്ഷൻ 8(1)(എച്ച്)ന്റെ പരിധിയിൽ വരുന്നതാണെന്നും ആയതിനാൽ മുകളിൽ പറഞ്ഞ വിജിലൻസ് എൻക്വയറി

റിപ്പോർട്ടും അതിനെ തുടർന്നുള്ള ആക്ഷനും കഴിയുമ്പോൾ ഹർജിക്കാരന് വിവരങ്ങൾ കൊടുക്കുന്നതാണെന്നാണ്.

5. അപ്പീൽ ഹർജി, ബന്ധപ്പെട്ട രേഖകൾ, നേരിൽ കേട്ടവേളയിൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ വിശദമായി പരിശോധിച്ചു. വിജിലൻസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി തീർപ്പാക്കിയിട്ടില്ലാത്തതിനാലാണ് ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ വിവരാവകാശ നിയമ 8(1) (എച്ച്) വകുപ്പ് പ്രകാരം എതിർകക്ഷികൾ നിഷേധിച്ചിട്ടുള്ളത് എന്ന് കാണുന്നു. സെൻട്രൽ ഇൻഫർമേഷൻ കമ്മീഷൻ, സി. നാഗരാജൻ Vs. ഡിപ്പാർട്ട്മെന്റ് ഓഫ് പോസ്റ്റ് – CIC/Posts/A/2018/159728 നമ്പർ അപ്പീൽ തീർപ്പാക്കി 14.1.2019–ന് പുറപ്പെടുവിച്ച ഉത്തരവിൽ അച്ചടക്ക നടപടി തുടർന്ന് വരുന്ന കേസ്സുകളിലെ വിവരം വെളിപ്പെടുത്തുന്നത് അച്ചടക്ക നടപടിയെ തടസപ്പെടുത്താൻ ഇടയാക്കുമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഇക്കാര്യത്തിൽ എതിർകക്ഷികൾ നൽകിയ മറുപടി ശരിവച്ചുകൊണ്ട് വിജിലൻസ് എൻക്വയറി/അച്ചടക്ക നടപടി തീർപ്പാക്കുന്ന മുറയ്ക്ക് മാത്രം ഹർജിക്കാരൻ ആവശ്യപ്പെട്ട വിജിലൻസ് എൻക്വയറി/അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട രേഖകൾ നൽകിയാൽ മതിയെന്നും എന്നാൽ അപേക്ഷയിൽ ആവശ്യപ്പെട്ട ശ്രീ. അബി ചന്ദ്രന്റെ നിയമന ഉത്തരവ്, പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ്, ടിയാൻ ലഭ്യമാക്കിയ സർട്ടിഫിക്കറ്റുകൾ, സർവ്വീസ് ബുക്കിന്റെ വ്യക്തിഗത വിവരം ഒഴിവാക്കി ബാക്കിയുള്ള പേജുകൾ, സാലറി ഡീറ്റെയിൽസ് തുടങ്ങിയ വിജിലൻസ് അന്വേഷണവുമായോ അച്ചടക്കനടപടിയുമായോ ബന്ധമില്ലാത്ത ലഭ്യമായ മറ്റ് രേഖകളുടെ പകർപ്പുകൾ 10.4.2022–നകം ഹർജിക്കാരന് സൗജന്യമായി നൽകണമെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 മാർച്ച് 23–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA ★ THIRUVANANTHAPURAM

bnk